# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പുത്തൻചിറ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ-(പി10)899/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 30/06/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുത്തൻചിറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുത്തൻചിറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുത്തൻചിറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ-(പി10)899/2022 തീയ്യതി: 30/06/2022

## തൃശ്ശൂർ ജില്ലയിലെ പുത്തൻചിറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പുത്തൻചിറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2019 മുതൽ 31-03-2020 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. സതീശൻ . എൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ. ഗ്രേ) | 20-04-2022 | 04-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-04-2022 | 04-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഷീന.കെ.ടി, ഓഡിറ്റ് ഓഫീസർ
ശ്രീ.ശിവദാസൻ.എ.കെ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.സിജു.പി.ഡാംസൺ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.സലീഷ്.എം.ജി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി ധന്യ ദിലീപ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| നദീർ വി.എ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| സീജ ജോസഫ് | സെക്രട്ടറി | 01-04-2019 | 15-07-2019 |
| ഹസീബ് അലി . പി . എം | സെക്രട്ടറി | 16-07-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിൽഫ്രഡ് ക്രോണിൻ . കെ . പി | അസിസ്റ്റൻറ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഡോ. ബിനി .വി . വി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| രമണി . വി | ഹെഡ്മിസ്ട്രസ്സ് | 01-04-2019 | 31-05-2019 |
| സുനിത എൻ . എസ് | ഹെഡ്മിസ്ട്രസ്സ് ഇൻ ചാർജ് | 01-06-2019 | 02-06-2019 |
| മഹേശൻ ടി | ഹെഡ്മാസ്റ്റർ | 03-06-2019 | 31-03-2020 |
| ശിഖ മാർവിൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 27-12-2019 |
| ബീന കെ . ജെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 28-12-2019 | 31-03-2020 |
| ബബിത കെ | അസി. എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഡോ . ജോർജ്ജ് മാത്യു | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2019 | 01-07-2019 |
| ഡോ . ജയസന്ധ്യ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 02-07-2019 | 31-03-2020 |
| ഡോ. അരുൺ . എ . വികൂർ | മെഡിക്കൽ ഓഫീസർ, സി . എച്ച് . സി | 01-04-2019 | 31-03-2020 |
| ഡോ. സിജി . ടി. എസ് | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| റിങ്കു . പി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി റോഷ്നി അരവിന്ദ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ കണ്ണൻ.പി.എസ് | വില്ലേജ് എക്സ്റ്റൻഷൻ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ഇഷ മുരളി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sheena K T (Audit Officer, On 07-05-2022)<br>Last Updated By: N Satheesan (Deputy Director, On 30-06-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം<br>Written By: Sheena K T (Audit Officer, On 07-05-2022)<br>Last Updated By: N Satheesan (Deputy Director, On 30-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)<br>Written By: Sheena K T (Audit Officer, On 15-05-2022)<br>Last Updated By: N Satheesan (Deputy Director, On 30-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sheena K T (Audit Officer, On 07-05-2022)<br>Last Updated By: N Satheesan (Deputy Director, On 30-06-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sheena K T (Audit Officer, On 07-05-2022)<br>Last Updated By: N Satheesan (Deputy Director, On 30-06-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sheena K T (Audit Officer, On 07-05-2022)<br>Last Updated By: N Satheesan (Deputy Director, On 30-06-2022) | 1-6 |
| 7 | ക്ഷേമപെൻഷനുകൾ സംബന്ധിച്ച്<br>Written By: Sheena K T (Audit Officer, On 07-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Dhanya Dhileep (Auditor, On 06-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Sheena K T (Audit Officer, On 28-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-9 |
| 10 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Sivadasan A K (Asst. Audit Officer, On 30-04-2022)<br>Last Updated By: Sheena K T (Audit Officer, On 28-06-2022) | 1-10 |
| 11 | മുൻകൂർ പൊരുത്തപ്പെടാത്തത്<br>Written By: Sivadasan A K (Asst. Audit Officer, On 30-04-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-11 |
| 12 | ഇല്ലാത്ത അഡ്വാൻസ് പ്രയർ പിരീഡ് ഐറ്റമായി ക്രമീകരിച്ചത് വിശദീകരിക്കപ്പെട്ടിട്ടില്ല<br>Written By: Sivadasan A K (Asst. Audit Officer, On 30-04-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-12 |
| 13 | അഡ്വാൻസ് സാങ്കൽപ്പികമായി വർദ്ധിപ്പിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല<br>Written By: Sivadasan A K (Asst. Audit Officer, On 30-04-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-13 |
| 14 | പ്രയർ പിരീഡ് ഐറ്റം വസ്തുതാപരമായി വിശദീകരിക്കപ്പെട്ടിട്ടില്ല<br>Written By: Sivadasan A K (Asst. Audit Officer, On 30-04-2022)<br>Last Updated By: N Satheesan (Deputy Director, On 30-06-2022) | 1-14 |
| 15 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Sivadasan A K (Asst. Audit Officer, On 30-04-2022)<br>Last Updated By: Sheena K T (Audit Officer, On 28-06-2022) | 1-15 |
| 16 | വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-16 |

| | | |
|---|---|---|
| | Written By: Sivadasan A K (Asst. Audit Officer, On 30-04-2022)<br>Last Updated By: Sheena K T (Audit Officer, On 28-06-2022) | |
| 17 | ക്യാപിറ്റൽ കോൺട്രിബ്യൂഷൻ വ്യത്യാസപ്പെടുന്നില്ല<br>Written By: Sivadasan A K (Asst. Audit Officer, On 30-04-2022)<br>Last Updated By: Sheena K T (Audit Officer, On 28-06-2022) | 1-17 |
| 18 | കാലാവധി കഴിഞ്ഞ ചെക്കുകൾ സ്റ്റേയിൽ ചെക്ക് ആയി കണക്കാക്കേണ്ടതാണ്<br>Written By: Sivadasan A K (Asst. Audit Officer, On 30-04-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-18 |
| 19 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ കൃത്യമായി വിശദികരിക്കപ്പെട്ടിട്ടില്ല<br>Written By: Sivadasan A K (Asst. Audit Officer, On 30-04-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-19 |
| 20 | വായ്പ രജിസ്റ്റർ പൂർണമല്ല<br>Written By: Sivadasan A K (Asst. Audit Officer, On 30-04-2022)<br>Last Updated By: Sheena K T (Audit Officer, On 28-06-2022) | 1-20 |
| 21 | തൊഴിൽനികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്<br>Written By: Dhanya Dhileep (Auditor, On 08-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-21 |
| 22 | ലൈസൻസ്- അപാകതകൾ<br>Written By: Dhanya Dhileep (Auditor, On 08-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-22 |
| 23 | മൊബൈൽ ടവർ പഞ്ചായത്തിന്റെ അനുമതിയില്ലാതെ പ്രവർത്തിക്കുന്നു.<br>Written By: Dhanya Dhileep (Auditor, On 08-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-23 |
| 24 | പെർമിറ്റ് -അപാകതകൾ<br>Written By: Dhanya Dhileep (Auditor, On 12-05-2022)<br>Last Updated By: Sheena K T (Audit Officer, On 28-06-2022) | 1-24 |
| 25 | വിവിധ പദ്ധതികളിൽ മൃഗങ്ങളെ-പക്ഷികളെ വാങ്ങിയത് സംബന്ധിച്ച്<br>Written By: Saleesh M.G (Asst. Audit Officer, On 06-05-2022)<br>Last Updated By: N Satheesan (Deputy Director, On 30-06-2022) | 1-25 |
| 26 | കന്നുകുട്ടിപരിപാലനം -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്<br>Written By: Saleesh M.G (Asst. Audit Officer, On 06-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-26 |
| 27 | ഗുണഭോക്തൃവിഹിതം മുഴുവനായി കൈമാറാതെ പദ്ധതിവിഹിതം അധികമായി നൽകി<br>Written By: Sheena K T (Audit Officer, On 10-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-27 |
| 28 | കോവിലകത്ത് കുന്ന് കട്ടപ്പാടം റോഡ് -മണ്ണ് ലേലം ചെയ്ത വിവരം അറിയിക്കേണ്ടതാണ്.<br>Written By: Sivadasan A K (Asst. Audit Officer, On 04-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-28 |
| 29 | സെലക്ഷൻ നോട്ടീസിൽ തിയ്യതിയില്ല. പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിനുശേഷം നിശ്ചിതസമയത്ത് കരാർ ഒപ്പിട്ടില്ല.<br>Written By: Sivadasan A K (Asst. Audit Officer, On 30-04-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-29 |
| 30 | വൈകി വെച്ച എഗ്രിമെന്റുകൾക്ക് പിഴ ഈടാക്കിയിട്ടില്ല<br>Written By: Sivadasan A K (Asst. Audit Officer, On 30-04-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-30 |
| 31 | വൈകി പൂർത്തീകരിച്ച പ്രവർത്തിക്ക് നിയമാനുസൃത ടൈം എക്സ്റ്റെൻഷൻ നൽകിയിട്ടില്ല. ഫൈൻ ഈടാക്കിയിട്ടില്ല.<br>Written By: Sivadasan A K (Asst. Audit Officer, On 30-04-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-31 |

| | | |
|---|---|---|
| 32 | പരസ്യങ്ങൾക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമാക്കിയിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 22-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-32 |
| 33 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Siju P. Damson (Asst. Audit Officer, On 22-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-33 |
| 34 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - കരാറിൽ വ്യക്തതയില്ല - ജി.എസ്.ടി ഇൻവോയ്സ് ഇല്ലാതെ തുക നല്കി - കൂടുതൽ നൽകിയ 825/- രൂപ നിരാകരിക്കുന്നു. 437990/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു<br>Written By: Siju P. Damson (Asst. Audit Officer, On 22-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-34 |
| 35 | കെൽട്രോണിൽ നിന്നും കമ്പ്യൂട്ടർ വാങ്ങൽ/വാർഷിക മെയിന്റനൻസ് - ഇൻവോയ്സുകൾ ലഭ്യമായിട്ടില്ല. 156285 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Siju P. Damson (Asst. Audit Officer, On 22-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-35 |
| 36 | തെരുവുവിളക്ക് സാമഗ്രികൾ- സ്റ്റോക്ക് രജിസ്റ്റർ- സാധനങ്ങൾ കൈപ്പറ്റുന്നത് കരാറുകാരൻ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Siju P. Damson (Asst. Audit Officer, On 22-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 1-36 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്- കരാറിൽ വ്യക്തതയില്ല-ജി എസ് ടി ഇൻവോയ്സ് ഇല്ലാതെ തുക നല്കി -കൂടുതൽ നല്കിയ 825 രൂപ നിരാകരിക്കുന്നു.437990 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: Siju P. Damson (Asst. Audit Officer, On 22-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sheena K T (Audit Officer, On 07-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sheena K T (Audit Officer, On 07-05-2022)<br>Last Updated By: Sheena K T (Audit Officer, On 28-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്<br>Written By: Sheena K T (Audit Officer, On 07-05-2022)<br>Last Updated By: Sheena K T (Audit Officer, On 07-05-2022) | 4-3 |
| 4 | വായ്പാ/വായ്പാ തിരിച്ചടവ്<br>Written By: Sheena K T (Audit Officer, On 07-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sheena K T (Audit Officer, On 07-05-2022)<br>Last Updated By: Sheena K T (Audit Officer, On 28-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sheena K T (Audit Officer, On 15-05-2022)<br>Last Updated By: Sheena K T (Audit Officer, On 15-05-2022) | 4-6 |
| 7 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Sheena K T (Audit Officer, On 15-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 4-7 |

| | | |
|---|---|---|
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Sheena K T (Audit Officer, On 15-05-2022)<br>Last Updated By: Sheena K T (Audit Officer, On 15-05-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Saleesh M.G (Asst. Audit Officer, On 08-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Saleesh M.G (Asst. Audit Officer, On 08-05-2022)<br>Last Updated By: Sheena K T (Audit Officer, On 30-06-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 20-2-2019 | 1 | 117507834 | 101122780 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 11-3-2020 | 2(1) | 101757132 | 107708197 |

## 1-2 വാർഷികധനകാര്യപത്രിക ലഭ്യമാക്കിയതിന്റെ വിവരം

| ലഭിച്ച തിയതി | ലഭിക്കേണ്ട തിയതി |
|---|---|
| 23-7-2020 | 31-7-2020 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 14207387 |
| വരവ് | 57965916 |
| ആകെ | 72173303 |
| ചെലവ് | 56705982 |
| നീക്കിയിരിപ്പ് | 15467321 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| വികസനഫണ്ട്-ജനറൽ | 9658371 | 9658371 | 0 |
| വികസനഫണ്ട്-എസ്.സി.പി | 7591588 | 5086358 | 2505230 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 0 | 0 |
| മെയിന്റനൻസ്-റോഡ് | 17840100 | 5408804 | 12431296 |
| മെയിന്റനൻസ്-റോഡിതരം | 3250800 | 2357885 | 892915 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 7947959 | 2811166 | 5136793 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 225 | 78638287 | 104 | 34266107 | 17 | 104 | 43.6 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2211 | 1227929 | 1230140 | 823937 | 406203 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 12670723 | 12670723 | 12670723 | 0 |
| ആകെ | 2211 | 13898652 | 13900863 | 13494660 | 406203 |

## 1-7 ക്ഷേമപെൻഷനുകൾ സംബന്ധിച്ച്

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | | |
| കർഷക തൊഴിലാളി പെൻഷൻ | 4448400 | 482 |
| വിധവാ പെൻഷൻ | 6837600 | 846 |
| വാർദ്ധക്യകാല പെൻഷൻ | 12386700 | 1497 |
| വികലാംഗ പെൻഷൻ | 2071800 | 261 |
| 50 വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 403200 | 47 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 30000 | 1 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 6-04-2022 തീയതിയിൽ 3.30 PM-ന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 27518/- രൂപ കാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

മിനിറ്റ്സിൽ രേഖപ്പെടുത്തുന്ന തീരുമാനങ്ങൾ മിക്കവാറും തന്നെ നടപ്പാക്കുന്നുണ്ട്. പഞ്ചായത്ത് കമ്മിറ്റിയുടെ മീറ്റിങ്ങുകളിൽ നിർവഹണോദ്യോഗസ്ഥരോട് പദ്ധതി പുരോഗതി ആരായുന്നതായി കാണുന്നില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. രജിസ്റ്ററുകൾ, വൗച്ചറുകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്.

## 1-10 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല {കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)}.

## 1-11 മുൻകൂർ പൊരുത്തപ്പെടാത്തത്

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2019-ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential | 14130 | 28650 |

| | | | |
|---|---|---|---|
| | Building | | |
| 2 | 350410101 - Advance Collection Of Revenues -Property Tax On Non-Residential Building | 3242 | 8884 |

## 1-12 ഇല്ലാത്ത അഡ്വാൻസ് പ്രയർ പിരീഡ് ഐറ്റമായി ക്രമീകരിച്ചത് വിശദീകരിക്കപ്പെട്ടിട്ടില്ല

2018-19 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/03/2019 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2019-20 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. "Prior Period Items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. കാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/03/19-ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2019-20-ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 14130 | 27535 |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 3242 | 10326 |

## 1-13 അഡ്വാൻസ് സാങ്കൽപ്പികമായി വർദ്ധിപ്പിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല

തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ താഴെ ചേർക്കും പ്രകാരമുള്ള തുക കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior Period Items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക്ക്ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോപ്പർട്ടി ടാക്സ് റെസിഡൻഷ്യൽ | പ്രോപ്പർട്ടി ടാക്സ് നോൺ-റസിഡൻഷ്യൽ |
|---|---|
| 13405 | 7084 |

## 1-14 പ്രയർ പിരീഡ് ഐറ്റം വസ്തുതാപരമായി വിശദീകരിക്കപ്പെട്ടിട്ടില്ല

ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | ഷെഡ്യൂൾ പ്രകാരം |
|---|---|

| | |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 13405 |
| 280100104-Prior Period Income-Property Tax On Non Residential Buildings | 6718 |
| 280200101-Prior Period Income-Rent From Building | 1000 |
| 280200401-Prior Period Income-Other Income | (1446) |
| 280600401-Prior Period-Recovery Of Unutilised Grants Expenses | 2000 |
| 280800401-Prior Period- Interest And Finance Charges | (649) |
| 280100102-Prior Period Income Professional Tax, Institutions/traders | (5200) |

## 1-15 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-16 വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2019-20 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1259934 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2893653 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-17 ക്യാപിറ്റൽ കോൺട്രിബ്യൂഷൻ വ്യത്യാസപ്പെടുന്നില്ല

31/03/2019-ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/03/2020-ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

## 1-18 കാലാവധി കഴിഞ്ഞ ചെക്കുകൾ സ്റ്റെയിൽ ചെക്ക് ആയി കണക്കാക്കേണ്ടതാണ്

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല {കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)}. ആയത് ക്രമീകരിക്കേണ്ടതാണ്.

| ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|
| 21225383 | 06/06/2019 | 610 |
| 21225384 | 06/06/2019 | 110 |

## 1-19 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ കൃത്യമായി വിശദികരിക്കപ്പെട്ടിട്ടില്ല

പ്രത്യേക ബാങ്ക് അക്കൗണ്ടിലല്ലാതെ തുക സൂക്ഷിക്കുന്ന ഇനങ്ങളിൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം താഴെ ചേർത്തിരിക്കുന്ന ശീർഷകങ്ങളിലെ നീക്കിയിരുപ്പ് ബാധ്യതകൾ വിശദീകരിക്കാനാവും വിധമുള്ള അപ്രോപ്രിയേഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

| | | | |
|---|---|---|---|
| 1 | 320300199 | Specific Purposes Grant From Other Govt. Agencies | 148100 |

## 1-20 വായ്പ രജിസ്റ്റർ പൂർണമല്ല

വായ്പ ഇനത്തിൽ 31/03/2020-ൽ 3620000/- രൂപ തിരിച്ചടക്കാൻ ബാക്കിയുണ്ട്. എന്നാൽ ഈ വിവരങ്ങൾ വായ്പ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വായ്പ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-21 തൊഴിൽനികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്. തൊഴിൽനികുതി രജിസ്റ്റർ, തൊഴിലുടമകൾ സമർപ്പിച്ച റിട്ടേൺ എന്നിവയുടെ പരിശോധനയിൽ തൊഴിലുടമ രേഖപ്പെടുത്തിയ തുകയ്ക്ക് ബാധകമായ സ്ലാബിലുള്ള നികുതിയേക്കാൾ കുറവായ നികുതി ഈടാക്കിയതായി കാണപ്പെടുകയും അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തെ (ഓഡിറ്റ് അന്വേഷണം നമ്പർ 15/29.04.2022) തുടർന്ന് കുറവ് വന്ന നികുതി ഈടാക്കി രസീതി ഹാജരാക്കുകയും ചെയ്തു. കെ.എസ്.ഇ.ബി പുത്തൻചിറയുടെ രണ്ട് അർദ്ധവർഷങ്ങളിലേയും സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുള്ളതായും ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-22 ലൈസൻസ്- അപാകതകൾ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-10-2017-ലെ സ.ഉ.(പി)നം.80/2017 (SRO No.674/2017) പ്രകാരം 1996-ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി ചട്ടത്തിന്റെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ നൽകൽ എന്നാക്കി മാറ്റിയിട്ടുണ്ട്. അതനുസരിച്ച് ചട്ടം 10-ലെ പട്ടിക 2-ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്. സ്ഥാപനയുടമകൾ ലൈസൻസിനായി സമർപ്പിച്ച ഭൂരിഭാഗം അപേക്ഷകളിലും മൂലധനം രേഖപ്പെടുത്തിയതായി കാണുന്നില്ല. അപേക്ഷകളിൽ മൂലധനം രേഖപ്പെടുത്താത്തതിനാൽ ഈടാക്കിയ ലൈസൻസ് ഫീ ഏത് മാനദണ്ഡപ്രകാരമാണെന്ന് വ്യക്തമല്ല.

ഉദാ: പി.സി.കെ പെട്രോളിയം, സി.എസ് ടിമ്പേഴ്സ് , സമുദ്ര ഇമ്പെക്സ്, ദുർഗ്ഗ ഫയർ വർക്സ്
ചട്ടവ്യവസ്ഥകൾ പൂർണ്ണമായും പാലിക്കേണ്ടതാണ്.

## 1-23 മൊബൈൽ ടവർ പഞ്ചായത്തിന്റെ അനുമതിയില്ലാതെ പ്രവർത്തിക്കുന്നു.

NO. A5-BA(159587) 2018, തീയതി : 24/07/2018 പ്രകാരം റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡിന് ടവർ സ്ഥാപിക്കുന്നതിന് പെർമിറ്റ് നൽകുകയും പെർമിറ്റിന്റെ കാലാവധി 24/07/2019-ന് അവസാനിക്കുകയും ചെയ്തു. 02/07/2019 തീയതിയിൽ കംപ്ലീഷൻ റിപ്പോർട്ട് സമർപ്പിക്കുകയും 12/07/2019 തീയതിയിൽ കംപ്ലീഷൻ റിപ്പോർട്ടിലെ ന്യൂനതകൾ അപേക്ഷകനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പെർമിറ്റ് കാലാവധിക്കുള്ളിൽ ന്യൂനത പരിഹരിച്ച് കംപ്ലീഷൻ റിപ്പോർട്ട് സമർപ്പിക്കുകയോ പെർമിറ്റ് കാലാവധി ദീർഘിപ്പിക്കുകയോ ചെയ്തിട്ടില്ല. 07/12/2021 തീയതിയിലെ എ5-2508/20 നമ്പർ കത്തിൽ പഞ്ചായത്തിന്റെ അനുമതിയില്ലാതെ ടവർ പ്രവർത്തിക്കുന്നതായും നിർമ്മാണം ക്രമവൽക്കരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡിന് കത്തയച്ചിട്ടുണ്ട്. പിന്നീട് 11/04/2022 തീയതിയിലാണ് വീണ്ടും കംപ്ലീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. ഇതിന്റെ തുടർനടപടി വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ : 25/30.4.2022) 07/12/2021, 13/01/2022 തീയതികളിൽ കംപ്ലീഷൻ റിപ്പോർട്ട് സംബന്ധിച്ച് കത്ത് അയച്ചിട്ടുണ്ടെന്നും ആയതുപ്രകാരമാണ് 11/04/2022 തീയതിയിൽ കംപ്ലീഷൻ അപേക്ഷ സമർപ്പിച്ചതെന്നും പെർമിറ്റ് കാലാവധി അവസാനിച്ചതിനാൽ ക്രമവൽക്കരണ അപേക്ഷ ഓൺലൈനായി സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 16/04/2022 തീയതിയിൽ അപേക്ഷകന് കത്തയച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമായിട്ടുണ്ട്. അനുമതിയില്ലാതെ ടവർ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ അനധികൃത നിർമ്മാണത്തിൽ ഉൾപ്പെടുത്തി UA നമ്പർ നൽകി നികുതി ഈടാക്കേണ്ടതായിരുന്നു. ടവർ അനധികൃതമായി പ്രവർത്തിച്ച കാലയളവിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും, നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നിയമാനുസൃതമുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർവിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-24 പെർമിറ്റ് -അപാകതകൾ

സദാനന്ദൻ, മേക്കാട്ടുപറമ്പിൽ, പുളിയിലക്കുന്ന് (സർവെ നം. 229/l, 229/43) എന്നവർക്ക് 25/05/2019 തീയതിയിൽ A5-BA(117761)/2019 നമ്പർ പെർമിറ്റ് പ്രകാരം 191 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടം (കൊമേഴ്സ്യൽ) പണിയുന്നതിന് അനുമതി നല്കിയിട്ടുണ്ട്. പെർമിറ്റിനായി സമർപ്പിച്ച പ്ലാനിൽ റെസിഡെൻഷ്യൽ കം കൊമേഴ്സ്യൽ ബിൽഡിങ്ങ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കൂടാതെ റെസിഡെൻഷ്യൽ, കൊമേഴ്സ്യൽ ഏരിയകൾ വേർതിരിച്ച് കാണിക്കാതെ Proposed Area :113 $M^2$ (Ground Floor), 78$m^2$ (First Floor), Total Area : 191 $M^2$ എന്നും പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഒന്നിൽ കൂടുതൽ ഒക്യുപ്പൻസിയിൽ പെർമിറ്റ് അനുവദിക്കുമ്പോൾ പ്ലാനിൽ ഏരിയ വേർതിരിച്ച് കാണിക്കേണ്ടതാണ്. പ്ലാനിൽ വ്യത്യസ്ത ഒക്യുപ്പൻസി കാണിക്കുകയും പെർമിറ്റ് കൊമേഴ്സ്യൽ ഒക്യുപ്പൻസിയിൽ നല്കുകയും ആണ് ചെയ്തിരിക്കുന്നത്. അപാകത പരിശോധിക്കേണ്ടതും ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുമാണ്.

## 1-25 വിവിധ പദ്ധതികളിൽ മൃഗങ്ങളെ-പക്ഷികളെ വാങ്ങിയത് സംബന്ധിച്ച്

പുത്തൻചിറ ഗ്രാമപഞ്ചായത്തിൽ മൃഗങ്ങളെ, പക്ഷികളെ വാങ്ങുന്നതിന് സബ്സിഡി നൽകുന്ന താഴെപ്പറയുന്ന പദ്ധതികൾ 2019-20 ൽ നടപ്പിലാക്കിയിട്ടുണ്ട്.

| പദ്ധതി | സബ്സിഡി തുക |
|---|---|
| 112/20, പോത്തിൻ കുട്ടി വളർത്തൽ | 225000 |
| 150/20, പെണ്ണാട് വളർത്തൽ (എസ്.സി.പി) | 337500 |
| 151/20, താറാവ് വളർത്തൽ | 45000 |

സബ്സിഡി സംബന്ധിച്ച മാർഗരേഖ, സർക്കാർ ഉത്തരവ് (കൈ) നം.22/2018/ത.സ്വ.ഭ.വ തീയതി 14.02.2018 ഖണ്ഡിക 6.2-ലെ കുറിപ്പ് 3 പ്രകാരം മൃഗങ്ങളെ, പക്ഷികളെ വാങ്ങുന്നതിന് സബ്സിഡി അനുവദിക്കുന്ന പദ്ധതികളിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ചെയർമാനായും വെറ്ററിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽ നിന്ന് അഞ്ചുപേർ അംഗങ്ങളായുമുള്ള കമ്മിറ്റിയായിരിക്കണം മൃഗങ്ങളെ-പക്ഷികളെ വാങ്ങേണ്ടത്. എന്നാൽ പുത്തൻചിറ ഗ്രാമപഞ്ചായത്തിൽ 2019-20 ൽ നടപ്പിലാക്കിയ മേൽപ്രകാരമുള്ള പദ്ധതികളിൽ ഗുണഭോക്താക്കൾ നേരിട്ടാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖയിലെ നിബന്ധനകൾക്കനുസരിച്ച് വാങ്ങൽ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 20/30.04.2022)

## 1-26 കന്നുകുട്ടിപരിപാലനം -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

വെറ്ററിനറി സർജ്ജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കന്നുകുട്ടിപരിപാലനം എന്ന പ്രോജക്റ്റിൽ 2019-20-ൽ തൃശ്ശൂർ SLBP ഡെപ്യൂട്ടി ഡയറക്ടർക്ക് താഴെപ്പറയും വിധം തുക അനുവദിച്ചിട്ടുണ്ട്.

ബിൽനമ്പർ - 04/19-20

തിയതി - 21.01.2020

തുക - 300000

പദ്ധതി പൂർത്തീകരിയ്ക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

ഈ പദ്ധതിയിൽ ഗുണഭോക്താവായിരുന്ന സുനിത ദിലീപ്, മണലിക്കാട്ടിൽ എന്ന വ്യക്തി മൂന്ന് മാസം മാത്രമാണ് കാലിത്തീറ്റ വാങ്ങിയിട്ടുള്ളത്. ഇവരുടേതായി SLBPയുടെ കൈവശം അവശേഷിക്കുന്ന തുക തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

മേൽപ്രകാരമുള്ള നടപടികൾ സ്വീകരിക്കുമെന്ന് ഇതു സംബന്ധിച്ച് നൽകിയ 20/30.04.2022 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്

## 1-27 ഗുണഭോക്തൃവിഹിതം മുഴുവനായി കൈമാറാതെ പദ്ധതിവിഹിതം അധികമായി നൽകി

പദ്ധതി നം.16/19-20, പി.വി.സി വാട്ടർടാങ്ക് (എസ്.സി)
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. സെക്രട്ടറി

ഈ പദ്ധതിയ്ക്കായി അരുൺ പോളിമേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും, 2890/- രൂപാ നിരക്കിൽ, 500 ലിറ്റർ വാട്ടർടാങ്ക് 77 എണ്ണം വാങ്ങിയിട്ടുണ്ട്. താഴെ പറയുന്ന ബില്ലുകൾ പ്രകാരം സ്ഥാപനത്തിന് തുക നൽകിയിട്ടുമുണ്ട്.

പദ്ധതി വിഹിതം

ബിൽ നം.6/19-20, Dt.15-11-19 തുക –140887/-

ബിൽ നം.8/19-20, Dt.24-2-20 തുക -34680/-

ഗുണഭോക്തൃവിഹിതം

ഉത്തരവ് നം.132/15-11-2019 പ്രകാരം 45000/-

ഈ പദ്ധതിയ്ക്കായി ഗുണഭോക്തൃവിഹിതം ഇനത്തിൽ 723/- രൂപാ വീതം, 77 ഗുണഭോക്താക്കളിൽ നിന്നും ആകെ 55671/- രൂപാ ഈടാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ പദ്ധതി വിഹിതം ഇനത്തിൽ ചെലവ് ചെയ്യേണ്ട തുക, 166859/- രൂപയാണ്. എന്നാൽ ഈ പദ്ധതിയ്ക്കായി അസി.സെക്രട്ടറി പദ്ധതിവിഹിതം ഇനത്തിൽ സ്ഥാപനത്തിന് കൈമാറിയിരിക്കുന്നത്, 175567/- രൂപയാണ്. ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയ ഗുണഭോക്തൃവിഹിതം മുഴുവനായും സ്ഥാപനത്തിലേക്ക് അടവാക്കാതെ പദ്ധതിവിഹിതം അധികമായാണ് സ്ഥാപനത്തിലേക്ക് അടവാക്കിയിരിക്കുന്നത്. ആയതിനാൽ പദ്ധതിവിഹിതം ഇനത്തിൽ അധികം കൈമാറിയ 8708/- (175567-166859=8708) രൂപാ തനത് ഫണ്ടിൽ നിന്നും പ്ലാൻ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

## 1-28 കോവിലകത്ത് കുന്ന് കട്ടപ്പാടം റോഡ് -മണ്ണ് ലേലം ചെയ്ത വിവരം അറിയിക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് നമ്പർ -214/19

എം.ബി. 169/19

പേജ് നം. 6

ഈ പ്രവൃത്തിയിൽ ഐറ്റം A(1), B(1) ആയി യഥാക്രമം 125.20 മീറ്റർ ക്യൂബ്, 98.44 മീറ്റർ ക്യൂബ് എന്നിങ്ങനെ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. മെഷർമെന്റ് ബുക്കിൽ കുഴിച്ചെടുത്ത മണ്ണിന്റെ ഡിസ്പോസൽ ചേർത്തിടത്ത് അധികം വരുന്ന മണ്ണ് ലേലം ചെയ്യാനായി പഞ്ചായത്ത് കമ്മിറ്റിക്ക് ശുപാർശ ചെയ്യുന്നതാണ് എന്ന് ചേർത്തിട്ടുണ്ട്. ഇപ്രകാരം മണ്ണിന്റെ വാല്യുവേഷൻ എടുത്ത് ലേലത്തിനായി ശുപാർശ ചെയ്തിട്ടുണ്ടോ എന്ന ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ. 8/26-04-22) 30/04/22-ന് എ.ഇ മറുപടി നൽകിയിട്ടുണ്ട്. ആയതു പ്രകാരം ഇടിഞ്ഞു വീണതുൾപ്പടെ ആകെ 348 മീറ്റർ ക്യൂബ് മണ്ണ് ഉണ്ട് എന്നും ഒരു മീറ്റർക്യൂബ് മണ്ണിന് 209.32 രൂപയും (72843.36) 5% G.ST യും വില നിശ്ചയിച്ച് ലേലനടപടികൾ സ്വീകരിക്കാവുന്നതാണ് എന്നും കാണിച്ച് അസി.എഞ്ചിനീയർ GE/184/AE/LSGD/PCA/19-20 DT.18/05/19 പ്രകാരം പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുള്ളതാണ്. എന്നാൽ ഇതിൽ പഞ്ചായത്ത് ലേലം നടത്തിയിട്ടുണ്ടോ എന്നോ തുക മുതൽക്കൂട്ടിയിട്ടുണ്ടോ എന്നുമുള്ള വിവരങ്ങൾ നിലവിൽ ഓഡിറ്റിന് ലഭ്യമായിട്ടില്ലാത്തതാണ്. ലേലം നടന്നിട്ടുണ്ട് എങ്കിൽ ആ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇല്ലെങ്കിൽ എത്രയും പെട്ടെന്ന് ലേലനടപടികൾ പൂർത്തിയാക്കി തുക മുതൽക്കൂട്ടേണ്ടതാണ്.

## 1-29 സെലക്ഷൻ നോട്ടീസിൽ തിയ്യതിയില്ല. പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിനുശേഷം നിശ്ചിതസമയത്ത് കരാർ ഒപ്പിട്ടില്ല.

താഴെ ചേർക്കുന്ന പ്രവൃത്തികളിൽ സെലക്ഷൻ നോട്ടീസിൽ തിയ്യതി ചേർത്തിട്ടില്ല. ഓഡിറ്റിൽ ഈ പ്രവൃത്തികൾക്ക് അംഗീകാരം നൽകിയ തിയ്യതി പരിശോധിച്ചതിൽ കരാർ ഒപ്പ് വെയ്ക്കാൻ നിയമാനുസൃതമല്ലാത്ത കാലതാമസം വന്നിട്ടുണ്ട് എന്ന് കാണുന്നു. പി.ഡബ്ല്യു.ഡി മാനുവൽ ഖണ്ഡിക 2009-6-ലെ വ്യവസ്ഥകൾ പ്രകാരം കരാർ അംഗീകരിച്ച് 7 ദിവസങ്ങൾക്കകം സെലക്ഷൻ നോട്ടീസ് നൽകേണ്ടതാണ്. സെലക്ഷൻ നോട്ടീസ് തിയ്യതി മുതൽ 14 ദിവസത്തിനകം എഗ്രിമെന്റ് ഒപ്പിടേണ്ടതാണ്. പതിനാലു ദിവസത്തിനു ശേഷം അടുത്ത പത്തു ദിവസത്തേക്ക് കരാർ തുകയുടെ 1% പിഴ ഈടാക്കിക്കൊണ്ടു മാത്രമേ കരാർ ഒപ്പിടാൻ വ്യവസ്ഥയുള്ളൂ. ഈ സാഹചര്യത്തിൽ തീയതി ചേർക്കാതെ സെലക്ഷൻ നോട്ടീസ് നൽകിയ പ്രവൃത്തികളിലും ടെൻഡർ അംഗീകരിച്ച തിയ്യതി മുതൽ 21 ദിവസത്തിനുള്ളിൽ നിയമാനുസൃത കരാർ വെയ്ക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ സെലക്ഷൻ നോട്ടീസിൽ തിയ്യതി ചേർക്കാതിരിക്കുകയും എന്നാൽ നിശ്ചിത സമയത്തിനകം കരാർ വെയ്ക്കാതെ പിന്നീട് നിയമാനുസൃത പിഴ ഈടാക്കാതെ കരാർ ഒപ്പിട്ടതിന് നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റ് അന്വേഷണം മുഖേന വിവരം ആവശ്യപ്പെട്ടിരുന്നു. എന്നാൽ തൃപ്തികരമായ വിശദീകണം നൽകാനാവാത്ത സാഹചര്യത്തിൽ താഴെ ചേർക്കും പ്രകാരമുള്ള പിഴ തുക 28597/- രൂപ എഗ്രിമെന്റ് ഒപ്പിട്ട തിയ്യതികളിലുള്ള അസി.എഞ്ചിനീയറുടെ വ്യക്തിപരമായ ബാധ്യതായി ഓഡിറ്റിൽ നിജപ്പെടുത്തുന്നു (ഓഡിറ്റ് എൻക്വയറി നമ്പർ. 5/26-04-2022, 12/28-04-2022).

നിർവ്വഹണോദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

| പ്രോജക്ട് നമ്പർ | പദ്ധതിയുടെ പേര് | പഞ്ചായത്ത് കമ്മിറ്റി | പി.എ.സി | കരാറുകാരന്റെ പേര് | എഗ്രിമെന്റ് നമ്പർ, | ഈടാക്കേണ്ട പിഴത്തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | തീരുമാനം നമ്പർ, തിയ്യതി | | | തിയ്യതി | |
| 75/19 | പാറയത്ത് ബ്രാഞ്ച് റോഡ് | 03/07/2018 ലെ 4/4 നമ്പർ തീരുമാനം | 349722 | ഷാജു.ടി.എസ് | 34/F/AE /LSGD/ PCA/19-20, തീ.25/01/2019 | 3497 |
| 115/19 | കൊമ്പത്ത് കടവ് റോഡ് സൈഡ് കെട്ടൽ | 06/08/2018 ലെ 2/2(4) നമ്പർ തീരുമാനം | 297882 | സർവ്വൻ | 62/AE/LSGD/ PCA/18-19 തീ.06/02/2019 | 2978 |
| 153/19 | ടോയ്‌ലറ്റ് ഫോർ ലേഡീസ് ഇൻ ഗ്രാമ പഞ്ചായത്ത്, ഹോമിയോ ആശുപത്രി | 06/08/18 ലെ 2/2(4) തീരുമാനം | 766060 | അബ്ദുൾ മജീദ്.കെ.എം | 22/AE/LSGD /PCA/18-19, തീ.30/11/2018 | 7660 |
| 65/19 | ചിലങ്ക അരീക്കത്തോട് റോഡ് കാന നിർമ്മാണം | 03/07/2018 Dt. 4/4 നമ്പർ തീരുമാനം | 566783 | ഷാജു.ടി.എസ് | 34/J/LSGD /PCA/18-19, തീ.25/02/2019 | 5667 |
| 208/19 | കുന്നത്തേരി പറയൻകുന്ന് റോഡ് | 03/07/2018 Dt. 2/2(4) | 580167 | ഷാജു.ടി.എസ് | 64/AE/LSGD /PCA/18-19 തീ.06/03/19 | 5801 |
| 101/19 | സെക്കൻഡ് സ്റ്റേജ് കൺസ്ട്രക്ഷൻ ട്ട പകൽവീട് | 06/08/2018 Dt. 2/2(4) | 299479 | കെ.എ.ഡേവിസ് | 30/AE/LSGD /PCA/17-18, തീ.19/12/18 | 2994 |

ആകെ തുക -28,597/-

## 1-30 വൈകി വെച്ച എഗ്രിമെന്റുകൾക്ക് പിഴ ഈടാക്കിയിട്ടില്ല

താഴെ ചേർക്കുന്ന പ്രവൃത്തികളിൽ കരാറുകാരനുമായി ചേർന്ന് കരാർ ഒപ്പിട്ടത് നിയമാനുസൃത കാലപരിധി കഴിഞ്ഞാണ്. പി.ഡബ്ള്യു.ഡി മാനുവൽ ഖണ്ഡിക 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് തിയ്യതി മുതൽ പതിനാലു ദിവസത്തിനകം കരാറുകാരൻ നിർവ്വഹണോദ്യോഗസ്ഥനുമായി ചേർന്ന് എഗ്രിമെന്റ് ഒപ്പു വെയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം കരാർ തുകയുടെ 1% വരുന്ന പിഴയോടു കൂടി മാത്രമേ അടുത്ത പത്തു ദിവസത്തേക്ക് കരാർ വെയ്ക്കാൻ പാടുള്ളൂ. സെലക്ഷൻ നോട്ടീസിലും ഈ വസ്തുത വ്യവസ്ഥപ്പെടുത്തിയിട്ടുള്ളതാണ്. വസ്തുത ഇതായിരിക്കെ താഴെ ചേർക്കുന്ന പ്രവർത്തികളിൽ സെലക്ഷൻ നോട്ടീസവഗണിക്കുകയും ആയതിലെ വ്യവസ്ഥകൾ പാലിക്കാതെ ഫൈൻ പോലും ഈടാക്കാതെ കരാർ ഒപ്പിടുകയും ചെയ്തു നടപടി നിയമപരമല്ല എന്നതിനാൽ ഈടാക്കേണ്ടിയിരുന്ന പിഴത്തുക എഗ്രിമെന്റ് ഒപ്പിട്ട നിർവ്വഹണോദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായി ഓഡിറ്റിൽ നിജപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 13/28.04.22, 6/26.04.22)

നിർവ്വഹണോദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

| പ്രോജക്റ്റ് നമ്പർ | പദ്ധതിയുടെ പേര് | സെലക്ഷൻ നോട്ടീസ് തിയ്യതി | എഗ്രിമെന്റ് നമ്പർ, തിയ്യതി | എസ്റ്റിമേറ്റ് പി.എ.സി | കരാറുകാരന്റെ പേര് | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|---|
| 176/18 | മതിയൻ കുന്ന് | 10/11/17 | 38/AE/LSGD /PCA/17-18 | 404961 | A.V.പോൾസൻ | 4049 |

| | | | | | | |
|---|---|---|---|---|---|---|
| | അംഗൻവാടി റോഡ് | | തീ.22/01/18 | | | |
| 203/19 | കൊമ്പത്ത് കടവ് കോളനി കുടിവെള്ള പദ്ധതി ചുറ്റുമതിൽ | 03/07/18 | 12/AE/LSGD /PCA/18-19 തീ.10/10/18 | 349495 | സർവ്വൻ | 3494 |
| 88/19 | ആനപ്പാറ റോഡ് സൈഡ് പ്രൊട്ടക്ഷൻ | 06/08/2018 | 8/AE/LSGD /PCA/18-19 | 266880 | ഷാജു.ടി.എസ് | 2668 |
| 137/20 | വായനശാല കുരുംബാഗം റോഡ് വാർഡ്-2 | 29/11/2019 | 46/AE/LSGD /PCA/19-20 | 357076 | കെ.ജെ.ശ്രീക്കുട്ടൻ | 3570 |
| 149/19 | കംപ്ലീഷൻ വർക്ക് ഓഫ് പഞ്ചായത്ത് ഓഫീസ് ഫസ്റ്റ് ഫ്ലോർ | 09/11/2018 | 42/AE/LSGD /PCA/18-19 തീ.07/02/19 | 376319 | എ.വി.പോൾസൻ | 3763 |
| 94/19 | റേഷൻകട പുഞ്ചപ്പാടം റോഡ് റീടാറിംഗ് | 06/08/2018 | 25/AE/LSGD /PCA/18-19 തീ.17/12/18 | 550161 | പി.വി.ഭാസ്കരൻ | 5501 |
| 77/19 | മങ്കിടി മതിയത്ത് മന, കണ്ണികുളങ്ങര ബാലവാടി റോഡ് | 03/07/2018 | 15/AE/LSGD /PCA/18-19 തീ.15/10/18 | 449687 | എ.വി.പോൾസൻ | 4496 |

ആകെ - 27,541/-

## 1-31 വൈകി പൂർത്തീകരിച്ച പ്രവർത്തിക്ക് നിയമാനുസൃത ടൈം എക്സ്റ്റെൻഷൻ നൽകിയിട്ടില്ല. ഫൈൻ ഈടാക്കിയിട്ടില്ല.

താഴെ ചേർക്കുന്ന പ്രവൃത്തികളിൽ കരാറുകാരനുമായി ചേർന്ന് ഒപ്പുവെച്ച എഗ്രിമെന്റ് വ്യവസ്ഥകൾ ഖണ്ഡിക 6,7 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ പ്രവർത്തി പൂർത്തിയാക്കാൻ സാധിച്ചില്ല എങ്കിൽ നിശ്ചിത കാലാവധിയുടെ അഞ്ചിലൊന്ന് സമയം പിഴയില്ലാതെ അനുവദിക്കുന്നതും വീണ്ടും പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ അടുത്ത മൂന്നമാസം വരെ കരാർ തുകയുടെ ഒരു ശതമാനം പിഴ ചുമത്തിക്കൊണ്ടും വീണ്ടും പൂർത്തീകരിക്കാത്ത പക്ഷം കരാർ തുയുടെ 2% പിഴ ചുമത്തിക്കൊണ്ടും മാത്രമേ ഫൈനൽ ബിൽ നൽകാൻ പാടുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പറഞ്ഞ സമയപരിധി ലംഘിച്ചിട്ടും പ്രവർത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയപ്പോൾ ഒരു പിഴയും കരാറുകാരനിൽ നിന്ന് ഈടാക്കിയിട്ടില്ല എന്നു കാണുന്നു. ഈ പ്രവൃത്തികളിൽ പലതിലും നിയമാനുസൃത സമയപരിധി കഴിഞ്ഞതിനു ശേഷമേ എം.ബുക്ക് പ്രകാരം പ്രവൃത്തികൾ ആരംഭിച്ചതായി കാണുന്നുള്ളൂ. ചില പ്രവർത്തികളിൽ എസ്റ്റിമേറ്റ് റിവിഷനും നിയമാനുസൃത സമയ പരിധി കഴിഞ്ഞതിനു ശേഷം മാത്രമാണ് നടത്തിയിട്ടുള്ളത്. നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രവൃത്തി നടത്താത്തതിന്റെ കാരണം കരാറുകാരൻ രേഖാമൂലം അറിയിക്കുകയോ, അതിൻമേൽ പഞ്ചായത്തു സമിതി തീരുമാനം എടുക്കുകയോ, നിയമാനുസൃത സമയ ദീർഘീകരണം നൽകുകയോ ചെയ്തിട്ടില്ല. കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഈ നടപടി ഓഡിറ്റിൽ വിലയിരുത്തുന്നു. എം.ബുക്കിൽ ഏറ്റവും അവസാനം മെഷർമെന്റ് എടുത്ത തിയ്യതി പ്രവൃത്തി അവസാനിച്ച തിയ്യതി ആയി കണക്കാക്കി കരാറുകാർ അടക്കേണ്ട പിഴ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ.4/26-04-22).

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | എഗ്രിമെന്റ് | ടി.എസ്. നമ്പർ, തിയ്യതി, കാലയളവ് | എം.ബുക്ക് പ്രകാരം പ്രവൃത്തി ആരംഭിച്ചതായി ചേർത്ത തിയ്യതി | എം.ബുക്ക് നമ്പർ, തിയ്യതി അവസാന മെഷർമെന്റ് | എഗ്രീഡ് പി.എ.സി | കരാറുകാരന്റെ പേര് | ഫൈനൽ ബിൽ വിവരങ്ങൾ | നിയമാനുസൃതം പ്രവർത്തി പൂർത്തീകരിക്കേണ്ട തിയ്യതി | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|---|---|---|---|---|
| 197/ 18-19 | മതിയം കുന്നത്ത് അംഗൻവാടി റോഡ് | 38/AE/LSGD /PCA/17-18 22/01/2018 | 75217/18-19 Dt.31-08.2017 6 Months | | 209/18 Page.18 Dt. 07/09/19 | 404961 | A.V.പോൾസൻ | 21901040 30/09/2019 | 22/07/18 | 12148 |
| 179/21 | കണ്ണികുളങ്ങര സ്ലൂൾറീടാറിംഗ് | 67/AE/LSGD /PCA/18-19 Dt.06/03/19 | 90742/ 2018-19 Dt.01/10/2018 6 Months | | 243/19 Page.41 16/03/20 | 348528 | ഷാജു.ടി.എസ് | 22000869 24/08/2020 | 06/09/19 | 10455 |
| 115/19 | കൊമ്പത്ത് കടവ് റോഡ് സൈഡ് പ്രൊട്ടക്ഷൻ | 62/AE/LSGD /PCA/18-19 Dt.26/02/19 | 67738/18-19 Dt.28/05/2018 6 Months | MB156/ 18-19 Page1 To15 16/10/19 | MB156/18-19 Page 15 28/10/19 | 297881 | സർവ്വൻ | 21901604 31/10/2019 | 26/08/19 | 2978 |
| 203/19 | കൊമ്പത്ത് കടവ് കോളനി ഡ്രിങ്കിംഗ് വാട്ടർ സപ്പൈ കോംപൗണ്ട് വാൾ | 12/AE/LSGD /PCA/18-19 Dt.10/10/18 | 40639/18-19 Dt.28/05/18 6 Months | MB157/19 Page 1 18/05/19 | MB157/19 Page 34 14/10/19 | 349495 | സർവ്വൻ | 21901063 31/10/2019 | 10/04/19 | 10484 |
| 88/19 | ആനപ്പാറ റോഡ് സൈഡ് പ്രൊട്ടക്ഷൻ | 18/AE/LSGD /PCA/18-19 Dt.17/10/2018 | 73084/18-19 Dt.28/05/18 6 Months | | MB126/19 Page 32 Dt.02/11/19 | 266880 | ഷാജു.ടി.എസ് | 21901112 26/11/2019 257667 | 17/04/19 | 8006 |
| 217/19 | മാണിയം കാവ് പുളിയില കുന്ന് വായനശാല റോഡ് | 34/AE/LSGD /PCA/18-19 Dt.25.01.2019 | 65572/18-19 Dt.06/07/18 6 Months | | MB262/19 Page 16 24/02/20 | 498179 | ഷാജു.ടിഎസ് | 22000788 12/04/20 | 25/07/19 | 14945 |
| 77/19 | മങ്കിടി മതിയത്ത് മന കണ്ണികുളങ്ങര റോഡ് | 15/AE/LSGD /PCA/18-19 Dt.15/10/2018 | 35505/18-19. Dt.06/06/18 6 Months | | MB.108/18-19 Dt.24/02/2020 | 449687 | A.V.പോൾസൻ | 219010680 7/11/2019 22000794 12/04/20 | 15/04/19 | 13490 |
| 179/19 | ശവക്കോട്ട കപ്പൻ ബസാർ റോഡ് | 33/AE/LSGD /PCA/17-18 Dt. 21/12/17 | 53423/17-18 Dt.05/08/17 6 Months | MB162/19 Page10 1/11/18 | MB.162/19 Page 52 Dt.30/03/2019 | 588279 | സർവ്വൻ | 21900995 17/04/2019 21901008 06/07/2019 | 21/05/18 | 17648 |

ആകെ - 89,974

## 1-32 പരസ്യങ്ങൾക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് 20/20 - പദ്ധതി രൂപീകരണം, മോണിറ്ററിംഗ്, നിർവ്വഹണം ചെലവുകൾ

നിർവ്വഹണം - സെക്രട്ടറി

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് നല്കിയിരിക്കുന്ന പരസ്യങ്ങൾക്ക് സർക്കാർ ഉത്തരവ് (ആർ.ടി 1/2011 ഐ.പി.ആർ.ഡി തീ.4/1/2011) പ്രകാരം നിർബന്ധമാക്കിയിരിക്കുന്ന 15% ഡിസ്കൗണ്ട് നല്കിയതായി കാണുന്നില്ല.

| പത്രം | സ്ഥാപനത്തിന്റെ ബില്ല് നമ്പർ | തീയ്യതി | തുക | വൗച്ചർ നമ്പർ | തീയ്യതി | തുക |
|---|---|---|---|---|---|---|
| മാതൃഭൂമി | 321000127374 | 19/2/20 | 5733 | 21901312 | 28/2/20 | 21983 |
| മാതൃഭൂമി | 321000111981 | 11/1/20 | 7056 | 21901371 | 11/2/20 | 14112 |
| മാതൃഭൂമി | 321000113858 | 16/1/20 | 7056 | | | |
| മാതൃഭൂമി | 321000186129 | 16/11/19 | 7056 | 21901089 | 20/1/20 | 9396 |
| മാതൃഭൂമി | 321000183491 | 31/10/19 | 9408 | 21901082 | 26/11/19 | 18816 |
| മാതൃഭൂമി | 321000180380 | 23/10/19 | 9408 | | | |
| മാതൃഭൂമി | 321000192331 | 03/11/19 | 9408 | 21901096 | 30/11/19 | 9408 |
| മാതൃഭൂമി | 321000175636 | 03/11/19 | 7056 | 21901070 | 07/11/19 | 7056 |
| മാതൃഭൂമി | 321000132100 | 10/10/19 | 9048 | 21901043 | 11/10/19 | 9048 |
| മാതൃഭൂമി | 321000156237 | 01/08/19 | 7056 | 21901041 | 5/10/19 | 17616 |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 26/തീ.4.5.22 ന് നല്കിയ മറുപടി പ്രകാരം പരസ്യങ്ങൾക്ക് ലഭ്യമാകേണ്ടിയിരുന്ന ഡിസ്കൗണ്ട് ലഭ്യമാക്കുന്നതിന് പത്രസ്ഥാപനത്തിന് കത്ത് നല്കിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-33 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

നിർവ്വഹണം - സെക്രട്ടറി

താഴെ ചേർത്തിരിക്കുന്ന പ്രോജക്ടുകൾ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് | തീയ്യതി | വൗച്ചർ നമ്പർ | തുക | കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 95/20 - ക്യാൻ വിഹിതം നല്കൽ | 24/04/19 | 21900587 | 80,000 | ജില്ലാ പഞ്ചായത്ത് തൃശ്ശൂർ |
| 1/20- SSA ജനറൽ | 14/06/19 | 21900224 | 4,00,000 | SSA |
| 2/20-SSA എസ്.സി.പി | 09/06/20 | 22000837 | 1,25,000 | SSA |
| 258/20 - എ.ബി.സി പ്രോജക്ട് | 24/04/19 | 21900590 | 2,10,000 | കുടുംബശ്രീ |

തുക വിനിയോഗിച്ചുവെന്ന് ഉറപ്പ് വരുത്തുന്നതിന് അതാത് സ്ഥാപനങ്ങളിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 26 തീ. 4.5.22-ന് നല്കിയ മറുപടിയിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കത്ത് നല്കിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-34 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - കരാറിൽ വ്യക്തതയില്ല - ജി.എസ്.ടി ഇൻവോയ്സ് ഇല്ലാതെ തുക നല്കി - കൂടുതൽ നൽകിയ 825/- രൂപ നിരാകരിക്കുന്നു. 437990/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

നിർവ്വഹണം - സെക്രട്ടറി

| പ്രോജക്ട് | വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|---|
| 10/20-സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് | 21901004 | 25/6/19 | 62975 |
| | 21901101 | 28/12/19 | 114815 |
| | 21901045 | 14/10/19 | 72210 |
| | 21900893 | 9/1/20 | 99205 |
| | 21900988 | 17/2/20 | 89610 |
| ആകെ | | | 438815 |

1) ഇതിൽ 62975 രൂപയുടെ ആദ്യ ബിൽ തുക കരാറുകാരനായ (2018-19 ലെ കരാറിന്റെ തുടർച്ച) ശ്രീ.ജയന് നല്കിയിട്ടുള്ളതാണ്. 229 എണ്ണം എൽ ഇ ഡികൾ കരാർ നിരക്കായ 275 രൂപ നിരക്കിൽ റിപ്പയർ ചെയ്തതിനാൽ 62975 രൂപ കരാറുകാരൻ നല്കിയ കത്തിന്റെ അടിസ്ഥാനത്തിൽ നൽകി. എന്നാൽ കത്തിനൊപ്പം സമർപ്പിച്ച വാർഡ് അടിസ്ഥാനത്തിലുള്ള റിപ്പയർ സംബന്ധിച്ച സാക്ഷ്യപ്പെടുത്തൽ പരിശോധിച്ചതിൽ 226 എണ്ണം റിപ്പയർ ചെയ്തിട്ടുള്ളൂ എന്ന് കാണുകയുണ്ടായി. വാർഡ് 1 ൽ റിപ്പയർ ചെയ്ത തെരുവുവിളക്കുകളുടെ എണ്ണമായി മെമ്പർ സാക്ഷ്യപ്പെടുത്തിയിരിക്കുന്നത് 25 ആയിരിക്കെ 28 എണ്ണം എന്ന് കണക്കാക്കി കരാറുകാരൻ കണക്ക് അബ്സ്ട്രാക്റ്റ് തയ്യാറാക്കിയതാണ് വ്യത്യാസത്തിന് കാരണമായത്. അധികമായി നല്കിയ 3 എണ്ണത്തിന്റെ തുക (3 X 275 ) =825 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക കരാറുകാരനായ ശ്രീ.ജയനിൽ നിന്നും ഈടാക്കേണ്ടതാണ്. തുക ഈടാക്കുന്നതാണെന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 26 തീ 4.5.22 ന് നല്കിയ മറുപടിയിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

കരാറുകാരൻ സമർപ്പിക്കുന്ന കണക്കുകൾ പഞ്ചായത്തിൽ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുന്നില്ല എന്ന്

വ്യക്തമാകുന്നു. ഈ ന്യൂനത പരിഹരിക്കേണ്ടതാണ്.

2) മേൽ പ്രോജക്ട് പ്രകാരം 2019-20 വർഷത്തേക്ക് സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിന് ടെണ്ടർ ക്ഷണിക്കുയും ടെണ്ടർ പരിശോധിച്ച് കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത കരാറുകാരനായ ശ്രീ.ഫ്രാൻസിസ്.യു.ഡി യ്ക്ക് കരാർ നല്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടെണ്ടർ രേഖകളിലോ കരാറിലോ ചെയ്യേണ്ട പ്രവൃത്തി സംബന്ധിച്ച് വിവരണമില്ല. കരാറുകാർ ചെയ്യേണ്ട പ്രവൃത്തി സംബന്ധിച്ച് ടെണ്ടർ സമർപ്പിക്കുന്നവർക്ക് അറിയാമെന്ന മുൻധാരണയിലാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് എന്ന പ്രവൃത്തി ടെണ്ടർ രേഖകളിലോ കരാറിലോ നിർവ്വചിച്ചിട്ടില്ല. സാധനസാമഗ്രികൾ കരാറുകാരൻ സപ്ലൈ ചെയ്യുമോ അതോ സ്ഥാപനം നല്കുമോയെന്നത് ടെണ്ടറുമായി ബന്ധപ്പെട്ട ഒരു രേഖയിലും പരാമർശിച്ചിട്ടുമില്ല. കരാറിലേർപ്പെട്ട ശേഷം സാധനങ്ങൾ പഞ്ചായത്ത് വാങ്ങി നൽകുകയും കരാറുകാരൻ റിപ്പയർ ചെയ്യുകയും മാത്രമാണ് ചെയ്തിട്ടുള്ളത്. ടെണ്ടർ രേഖകളിൽ ചെയ്യാനുദ്ദേശിക്കുന്ന പ്രവൃത്തിയുടെ/വാങ്ങാനുദ്ദേശിക്കുന്ന സാധനങ്ങളുടെ അഥവാ സേവനങ്ങളുടെ വ്യക്തമായ വിവരണം ആവശ്യമാണ്. മത്സരാധിഷ്ഠിത നിരക്കിൽ, സുതാര്യമായ രീതിയിൽ സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നതിനും ടെണ്ടറിനു ശേഷം തർക്കങ്ങൾ ഒഴിവാക്കുന്നതിനും ഇത് ആവശ്യമാണ്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

3) സർക്കുലർ നമ്പർ 18/19 ധനം, തീയ്യതി 1.3.19 ഖണ്ഡിക 4 പ്രകാരം ജി.എസ്.ടി രജിസ്റ്റ്രേഷൻ ഉള്ളവർക്ക് മാത്രമേ ടെണ്ടറിൽ പങ്കെടുക്കാനാവൂ. ഇപ്രകാരം ജി.എസ്.ടി രജിസ്ട്രേഷൻ ഉള്ളവർ സാധനങ്ങൾ/സേവനങ്ങൾ ലഭ്യമാക്കിയാൽ ജി.എസ്.ടി നിയമം 2017 വകുപ്പ് 31 പ്രകാരം ജി.എസ്.ടി ഇൻവോയ്സ് നൽകേണ്ടതുണ്ട്. ഈ ഇൻവോയ്സ് ഇല്ലാതെയാണ് ഗ്രാമപഞ്ചായത്ത് കരാറുകാരന് തുക നല്കിയിട്ടുള്ളത്. ഇൻവോയ്സുകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 438815/- രൂപയിൽ നിന്ന് മേൽ ഖണ്ഡിക (I) പ്രകാരം നിരാകരിച്ച 825/- രൂപ കുറവ് ചെയ്ത് ബാക്കിയുള്ള 437990/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-35 കെൽട്രോണിൽ നിന്നും കമ്പ്യൂട്ടർ വാങ്ങൽ/വാർഷിക മെയിന്റനൻസ് - ഇൻവോയ്സുകൾ ലഭ്യമായിട്ടില്ല. 156285 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം - സെക്രട്ടറി

| പ്രോജക്ട് | തുക | വൗച്ചർ നമ്പർ | തീയതി | ഇനം |
|---|---|---|---|---|
| 75/20<br>NREGS ഓഫീസിന് കമ്പ്യൂട്ടർ വാങ്ങൽ | 39111 | 21900612 | 24/10/2019 | കമ്പ്യൂട്ടർ വാങ്ങുന്നതിന് വേണ്ടി കെൽട്രോണിന് നൽകിയ തുക.<br>(ബുക്ക് ചെയ്ത ശീർഷകം 251600601<br>General Economic Services-Good Governance<br>- General) |
| 8/20<br>കമ്പ്യൂട്ടറിനും യു.പി.എസിനും വാർഷിക മെയിന്റനൻസ് നൽകൽ | 31270 | 31900028 | 25/4/19 | കമ്പ്യൂട്ടറിനും യു.പി.എസിനും വാർഷിക മെയിന്റനൻസ് കരാരിലേർപ്പെടുന്നതിന് കെൽട്രോണിന് നൽകിയ തുക |
| 262/20<br>പഞ്ചായത്തിലേക്ക് സ്കാനർ | 85,904 | 21900987 | 11/2/20 | പഞ്ചായത്തിലേക്ക് സ്കാനർ കെൽട്രോണിന് നൽകിയ തുക |
| | 156285 | | | |

1) മേൽ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് കെൽട്രോണിന് മുൻകൂറായി പ്രഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക നൽകിയിട്ടുണ്ട്. എന്നാൽ സാധനങ്ങൾ/സേവനങ്ങൾ സപ്ലൈ ചെയ്തിട്ടുള്ളതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ കാണുന്നുണ്ടെങ്കിലും സാധനങ്ങൾ സപ്ലൈ ചെയ്തതിന്റെ ഇൻവോയ്സുകൾ ലഭ്യമാക്കിയിട്ടില്ല. ഇൻവോയ്സുകൾ ലഭ്യമാക്കാതെ എപ്രകാരമാണ് ഇവ സപ്ലൈ ചെയ്തത് എന്നും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയതെന്നും വ്യക്തമല്ല. ഇൻവോയ്സുകൾ ലഭ്യമാക്കുന്നതുവരെ 156285 രൂപ ഓഡിറ്റിൽ

തടസ്സപ്പെടുത്തുന്നു.

2) NREGS ഓഫീസിന് കമ്പ്യൂട്ടർ വാങ്ങൽ എന്ന പ്രോജക്ടിന്റെ ചെലവ് തെറ്റായി ബുക്ക് ചെയ്തിരിക്കുന്നത് "251600601 -General Economic Services- Good Governance)-General" എന്ന ചെലവ് ശീർഷകത്തിലാണ്. ഇൻവോയ്സ് ലഭ്യമായി കമ്പ്യൂട്ടർ ലഭ്യമാക്കിയിട്ടുള്ള പക്ഷം "410710104 Movable Assets - Furniture, Fixtures, Fittings & Electrical Appliances" എന്ന ആസ്തി ശീർഷകത്തിലാണ് ബുക്ക് ചെയ്യേണ്ടിയിരുന്നത്. തൻവർഷം ഈ ശീർഷകത്തിലേക്ക് തുക മാറ്റിയിടേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 26/04.05.2022. മറുപടി ലഭ്യമായിട്ടില്ല)

## 1-36 തെരുവുവിളക്ക് സാമഗ്രികൾ- സ്റ്റോക്ക് രജിസ്റ്റർ- സാധനങ്ങൾ കൈപ്പറ്റുന്നത് കരാറുകാരൻ സാക്ഷ്യപ്പെടുത്തുന്നില്ല

നിർവ്വഹണം- സെക്രട്ടറി

| പ്രോജക്ട് | ചെലവ് തുക | വൗച്ചർ | തീയതി |
|---|---|---|---|
| 12/20-തെരുവുവിളക്ക് സാമഗ്രികൾ വാങ്ങൽ | 22995 | 21900990 | 11/02/20 |
| | 54874 | 21901310 | 28/03/20 |
| | 1120 | 21901311 | 28/03/20 |
| | 144540 | 21900613 | 3/10/19 |
| | 223529 | | |

2019-20 വർഷം തെരുവുവിളക്ക് റിപ്പയർ ചെയ്യുന്നതിനാവശ്യമായ സാമഗ്രികൾ വാങ്ങുന്നതിന് 223529/- രൂപ ചെലവഴിച്ചിട്ടുണ്ട്. സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയും റിപ്പയർ ചെയ്യുന്ന കരാറുകാരന് കൈമാറിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കരാറുകാരൻ ഇവ കൈപ്പറ്റിയതിന് രസീത് നല്കുകയോ സ്റ്റോക്ക് രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 26/തീ. 4.5.22-ന് നൽകിയ മറുപടി പ്രകാരം ഈ ന്യൂനതകൾ ഭാവിയിൽ പരിഹരിക്കുമെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എന്നാൽ 2020-21 വർഷം മേൽ സാധനങ്ങൾ കൈപ്പറ്റിയതിന് കരാറുകാരനിൽ നിന്ന് സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണം- സെക്രട്ടറി

| പ്രോജക്ട് | ചെലവ് തുക | വൗച്ചർ | തീയതി |
|---|---|---|---|
| 12/20-തെരുവുവിളക്ക് സാമഗ്രികൾ വാങ്ങൽ | 22995 | 21900990 | 11/02/20 |
| | 54874 | 21901310 | 28/03/20 |
| | 1120 | 21901311 | 28/03/20 |
| | 144540 | 21900613 | 3/10/19 |
| | 223529 | | |

2019-20 വർഷം തെരുവുവിളക്ക് റിപ്പയർ ചെയ്യുന്നതിനാവശ്യമായ സാമഗ്രികൾ വാങ്ങുന്നതിന് 223529 രൂപ ചെലവഴിച്ചിട്ടുണ്ട്. സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയും റിപ്പയർ ചെയ്യുന്ന കരാറുകാരന് കൈമാറിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കരാറുകാരൻ ഇവ കൈപ്പറ്റിയതിന് രസീത് നല്കുകയോ സ്റ്റോക്ക് രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 26/തീ. 4.5.22 ന് നൽകിയ മറുപടി പ്രകാരം ഈ ന്യൂനതകൾ ഭാവിയിൽ പരിഹരിക്കുമെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എന്നാൽ 2020-21 വർഷം മേൽ സാധനങ്ങൾ കൈപ്പറ്റിയതിന് കരാറുകാരനിൽ നിന്ന് സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്- കരാറിൽ വ്യക്തതയില്ല-ജി എസ് ടി ഇൻവോയ്സ് ഇല്ലാതെ തുക നല്കി -കൂടുതൽ നല്കിയ 825 രൂപ നിരാകരിക്കുന്നു.437990 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം- സെക്രട്ടറി

| പ്രോജക്ട് | വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|---|
| 10/20-സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് | 21901004 | 25/6/19 | 62975 |
| | 21901101 | 28/12/19 | 114815 |
| | 21901045 | 14/10/19 | 72210 |
| | 21900893 | 9/1/20 | 99205 |
| | 21900988 | 17/2/20 | 89610 |
| ആകെ | | | 438815 |

I) ഇതിൽ 62975 രൂപയുടെ ആദ്യ ബിൽ തുക കരാറുകാരനായ (2018-19-ലെ കരാറിന്റെ തുടർച്ച) ശ്രീ.ജയന് നല്കിയിട്ടുള്ളതാണ്. 229 എണ്ണം എൽ ഇ ഡികൾ കരാർ നിരക്കായ 275/- രൂപ നിരക്കിൽ റിപ്പയർ ചെയ്തതിനാൽ 62975/- രൂപ നല്കുന്നതിന് കരാറുകാരൻ നല്കിയ കത്തിന്റെ അടിസ്ഥാനത്തിൽ തുക നൽകി. എന്നാൽ കത്തിനൊപ്പം സമർപ്പിച്ച വാർഡ് അടിസ്ഥാനത്തിലുള്ള റിപ്പയർ സംബന്ധിച്ച സാക്ഷ്യപ്പെടുത്തൽ പരിശോധിച്ചതിൽ 226 എണ്ണം റിപ്പയർ ചെയ്തിട്ടുള്ളൂ എന്ന് കാണുകയുണ്ടായി. വാർഡ് 1 ൽ റിപ്പയർ ചെയ്ത തെരുവുവിളക്കുകളുടെ എണ്ണമായി മെമ്പർ സാക്ഷ്യപ്പെടുത്തിയിരിക്കുന്നത് 25 ആയിരിക്കെ 28 എണ്ണം എന്ന് കണക്കാക്കി കരാറുകാരൻ കണക്ക് അബസ്ട്രാക്റ്റ് തയ്യാറാക്കിയതാണ് വ്യത്യാസത്തിന് കാരണമായത്. അധികമായി നല്കിയ 3 എണ്ണത്തിന്റെ തുക (3 X 275 ) =825/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക കരാറുകാരനായ ശ്രീ.ജയനിൽ നിന്നും ഈടാക്കേണ്ടതാണ്. തുക ഈടാക്കുന്നതാണെന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി 26 തീ 4.5.22 ന് നല്കിയ മറുപടിയിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

കരാറുകാരൻ സമർപ്പിക്കുന്ന കണക്കുകൾ പഞ്ചായത്തിൽ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുന്നില്ല എന്ന് വ്യക്തമാകുന്നു. ഈ ന്യൂനത പരിഹരിക്കേണ്ടതാണ്.

II) മേൽ പ്രോജക്ട് പ്രകാരം 2019-20 വർഷത്തേക്ക് സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിന് ടെണ്ടർ ക്ഷണിക്കുകയും ടെണ്ടർ പരിശോധിച്ച് കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത കരാറുകാരനായ ശ്രീ.ഫ്രാൻസിസ്.യു.ഡിയ്ക്ക് കരാർ നല്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടെണ്ടർ രേഖകളിലോ കരാറിലോ ചെയ്യേണ്ട പ്രവൃത്തി സംബന്ധിച്ച് വിവരണമില്ല. കരാറുകാർ ചെയ്യേണ്ട പ്രവൃത്തി സംബന്ധിച്ച് ടെണ്ടർ സമർപ്പിക്കുന്നവർക്ക് അറിയാമെന്ന മുൻധാരണയിലാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് എന്ന പ്രവൃത്തി ടെണ്ടർ രേഖകളിലോ കരാറിലോ നിർവ്വചിച്ചിട്ടില്ല. കൂടാതെ സാധനസാമഗ്രികൾ കരാറുകാരൻ സപ്ലൈ ചെയ്യുമോ അതോ സ്ഥാപനം നല്കുമോയെന്നത് വ്യക്തത ടെണ്ടറുമായി ബന്ധപ്പെട്ട ഒരു രേഖയിലും പരാമർശിച്ചിട്ടുമില്ല. കരാറിലേർപ്പെട്ട ശേഷം സാധനങ്ങൾ പഞ്ചായത്ത് വാങ്ങി നൽകുകയും കരാറുകാരൻ റിപ്പയർ ചെയ്യുകയും മാത്രമാണ് ചെയ്തിട്ടുള്ളത്. ടെണ്ടർ രേഖകളിൽ ചെയ്യാനുദ്ദേശിക്കുന്ന പ്രവൃത്തിയുടെ/വാങ്ങാനുദ്ദേശിക്കുന്ന സാധനങ്ങളുടെ അഥവാ സേവനങ്ങളുടെ വ്യക്തമായ വിവരണം ആവശ്യമാണ്. മത്സരാധിഷ്ഠിത നിരക്കിൽ, സുതാര്യമായ രീതിയിൽ സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നതിനും ടെണ്ടറിനു ശേഷം തർക്കങ്ങൾ ഒഴിവാക്കുന്നതിനും ഇത് ആവശ്യമാണ്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

III) സർക്കുലർ നമ്പർ 18/19 ധനം, തീയ്യതി 1.3.19 ഖണ്ഡിക 4 പ്രകാരം ജി.എസ്.ടി രജിസ്ട്രേഷൻ ഉള്ളവർക്ക് മാത്രമേ ടെണ്ടറിൽ പങ്കെടുക്കാനാവൂ. ഇപ്രകാരം ജി.എസ്.ടി രജിസ്ട്രേഷൻ ഉള്ളവർ സാധനങ്ങൾ/സേവനങ്ങൾ ലഭ്യമാക്കിയാൽ ജി.എസ്.ടി നിയമം 2017 വകുപ്പ് 31 പ്രകാരം ജി.എസ്.ടി ഇൻവോയ്സ് നൽകേണ്ടതുണ്ട്. ഈ ഇൻവോയ്സ് ഇല്ലാതെയാണ് ഗ്രാമപഞ്ചായത്ത് കരാറുകാരന് തുക നല്കിയിട്ടുള്ളത്. ഇൻവോയ്സുകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 438815 രൂപയിൽ നിന്ന് മേൽ ഖണ്ഡിക (I) പ്രകാരം നിരാകരിച്ച 825/- രൂപ കുറവ് ചെയ്ത് ബാക്കിയുള്ള 437990/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 300000 | ആശ്രയ | 150000 | 150000 |
| | | 300000 | പാലിന് സബ്സിഡി | 300000 | 0 |
| | | 150000 | പി.എച്ച് സ്കോളർഷിപ്പ് | 150000 | 0 |
| | | 185000 | പി.എച്ച് ഉപകരണങ്ങൾ | 0 | 185000 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ഉപകരണങ്ങൾ | 0 | 200000 |
| | | 300000 | വയോജനങ്ങൾക്ക് കട്ടിൽ (എസ്.സി) | 198030 | 101970 |
| | | 500000 | വയോജനങ്ങൾക്ക് കട്ടിൽ | 495075 | 4925 |
| | | 200000 | ജലരക്ഷ ജീവരക്ഷ കിണർ റീചാർജ് | 156450 | 43550 |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഗ്രാമപഞ്ചായത്ത് വിവരം ലഭ്യമാക്കിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്

ഇല്ല.

## 4-4 വായ്പാ/വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം എടുത്ത തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| Life Loan | | 4549200 | 3420000 | 200000 | | | 3620000 |

വാർഷിക കണക്ക് പ്രകാരമുള്ള തുകയാണ് ചേർത്തിരിക്കുന്നത്. വായ്പാ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഖണ്ഡിക 1-20 ൽ വാർഷിക കണക്കിലെ അപാകതകളിൽ ചേർത്തിട്ടുണ്ട്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഓഡിറ്റ് പരാമർശം | സ്വീകരിച്ച നടപടികൾ |
|---|---|---|---|---|---|---|
| 1 | 2000-01, 2001-02 | 9 | 2004-05 | 3.8.1.2 | മരാമത്ത് പണികൾക്ക് മുൻകൂർതുകകൾ നൽകിയത്-പണി പൂർത്തിയാക്കിയില്ല. മുൻകൂർ തുക തിരികെ ഈടാക്കേണ്ടതാണ് | 20-8-21 തിയതിയിലെ തെളിവെടുപ്പ് യോഗത്തിലേക്ക് നടപടി വിശദീകരണപത്രിക നൽകിയിരുന്നു. ആയതിന്റെ മറുപടി ലഭ്യമായിട്ടില്ല |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 57965916 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 56705982 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 825 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 594275 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-34/3-1 | | 825 | ശ്രീമതി.സീജ ജോസഫ് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-34 | 437990 | 62150 (62975-825) ശ്രീമതി.സീജ ജോസഫ് 375840-ശ്രീ ഹസീബ് അലി.പി.എം. |
| 1-35 | 156285 | 31270-ശ്രീമതി.സീജ ജോസഫ് 125015-ശ്രീ ഹസീബ് അലി.പി.എം. |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദിയായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സീജ ജോസഫ്, സെക്രട്ടറി | സെക്രട്ടറി, മണീട് ഗ്രാമപഞ്ചായത്ത് | പുന്നയ്ക്കൽ വീട്, വെണ്ണി റോഡ്, പള്ളുരുത്തി-682006 |
| ശ്രീ.ഹസീബ് അലി.പി.എം, സെക്രട്ടറി | സെക്രട്ടറി, പുത്തൻചിറ ഗ്രാമപഞ്ചായത്ത് | പാറയിൽ വീട്, മാള പള്ളിപ്പുറം(പി.ഒ) 680732 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1972-73 | എൽ.എഫ്.ടി.(പി.1)-366/12 തീയതി.01.03.12/ 02.05.12 |
| 75-76 | |
| 76-77 | |
| 78-79 | |
| 79-80 | |
| 80-81 | |
| 81-82 മുതൽ 91-92 വരെ | |
| 92-93, 93-94 | |
| 94-95, 95-96 | എൽ.എഫ്.ടി.(പി.1)366/12 തീയതി. 01.03.12 |
| 96-97 | |
| 97-98 | |
| 98-99 ചെലവ് | |
| 99-2000 ചെലവ് | |
| 2000-01, 01-02 (പ്ളാൻ) | |
| 2001-02 | |
| 2002-03 | എൽ.എഫ്.ടി.(പി.1)366/12 തീയതി. 01.03.12 |
| 98-99 വരവ് | |
| 99-2000 വരവ് | |
| 2003-04 | |
| 2004-05 | |
| 2005-06 | |
| 2006-07 | |
| 07-08 | എൽ.എഫ്.ടി(പി.12)-1813/10 തീ.14-10-10 |
| 08-09 | എൽ.എഫ്.ടി(പി.12)-1814/10 തീ.14-10-10 |
| 09-10 | എൽഎഫ്.ടി(പി12)-1815/10 തീയതി.4.10.11/3.11.11 |
| 10-11 | എൽഎഫ്.ടി(പി1)-1953/12 തീയതി.8.1.13/8.3.13 |
| 11-12 | എൽഎഫ്.ടി(പി1)-2579/13 തീയതി.9.1.14 |
| 12-13 | എൽഎഫ്.ടി(പി1)-1768/14 തീയതി.4.4.15/12.6.15 |

| | |
|---|---|
| 13-14 | കെ.എസ്.എ.ടി.എസ്.ആർ. പി-1-1684/15 തീ.28-12-15/9-2-16 |
| 14-15 | കെ എസ് എ ടി എസ് ആർ പി1-1034/16/30.6.16/28.7.16 |
| 15-16 | കെ എസ് എ ടി എസ് ആർ പി1-1985/16 തീ.14.11.20162 |
| 2016-17 | കെ.എസ്.എ-ടി.എസ്.ആർ.(പി1)1424/2017 തീയതി: 18.09.2017 |
| 2017-18 | കെ.എസ്.എ-ടി.എസ്.ആർ.(പി1)-1644/2018തീയതി: 10/01/19 |
| 2018-19 | നം.കെ.എസ്.എ.ടി.എസ്.ആർ.(പി.1)-1448/2019 തീയതി:13/12/19 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ പുത്തൻചിറ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ പുത്തൻചിറ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്